**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2891** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഒന്നിലധികം ക്ഷേമനിധി പെൻഷനുകൾ നിഷേധിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി കെ അബ്ദു റബ്ബ് | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | 06.11.2017 ലെ സ.ഉ.(എം.എസ്)നം.483/2017/ ധന ഉത്തരവ് പ്രകാരം ഒരാൾക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷന് മാത്രം അർഹത എന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളാകുന്നവർ അതാത് ക്ഷേമനിധി ബോർഡുകളിൽ വിഹിതം അടച്ചുകൊണ്ടാണ് ക്ഷേമനിധി പെൻഷന് അർഹത നേടുന്നത് എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഈ ഉത്തരവ് ഇറങ്ങുന്നതിനു മുമ്പ് ഒന്നിലധികം ക്ഷേമനിധി ബോർഡുകളിൽ വിഹിതം അടച്ച തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ മാത്രം അനുവദിക്കുന്നത് തൊഴിലാളികളോടുള്ള അനീതിയാണെന്ന് തൊഴിൽ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഓരോ ബോർഡും അതാതു മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായാണ് നിലകൊള്ളുന്നത്. ഒരു ക്ഷേമനിധി ബോർഡിലെ അംഗത്വം നിലനിർത്തി കൊണ്ട് മറ്റൊരു ബോർഡിൽ അംഗത്വമെടുക്കുന്നത് നിയമവിധേയമല്ല. ക്ഷേമനിധി പെൻഷൻ ഇപ്പോൾ സർക്കാർ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിരവധി പേർ ഒന്നിലധികം ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സമൂഹത്തിലെ അർഹരായ ഗുണ ഭോക്താക്കളിൽ പെൻഷൻ ആനുകൂല്യം എത്തിക്കുന്നതിനു വേണ്ടിയാണ് പെൻഷൻ മാനദണ്ഡങ്ങൾ ശക്തമാക്കുകയും ആധാർ നമ്പറിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വിതരണം നടപ്പിലാക്കുകയും ചെയ്തിട്ടുള്ളത്. |
| (ഡി) | ഈ ഉത്തരവ് പൂർണ്ണമായി പിൻവലിക്കുന്നതിന് സർക്കാർ തയ്യാറാവുമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | ഇല്ലെങ്കിൽ ഈ ഉത്തരവ് ഇറങ്ങുന്നതിന് മുമ്പ് ഒന്നിലധികം ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങൾ ആയവർക്കെങ്കിലും ഒന്നിലധികം ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുന്ന വിധത്തിൽ സർക്കാർ ഉത്തരവിൽ | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | മോഡിഫിക്കേഷൻ വരുത്തണമെന്ന് ആവശ്യപ്പെട്ടുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ